**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5313** **21-07-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പെൻഷൻ 2022 ജനുവരി മുതൽ നൽകുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ. ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാവുകയും ചെയ്തിട്ടുണ്ട്.<br><br>ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും വളരെ കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാറുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള പെൻഷൻ ലഭിക്കാത്ത ധാരാളം പേർ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഇനത്തിലുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ. ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാവുകയും ചെയ്തിട്ടുണ്ട്.<br><br>ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും വളരെ കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാറുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു |
| (സി) | മറ്റു പെൻഷനുകളൊന്നും ലഭിക്കാത്ത പ്രസ്തുത പദ്ധതിയിലെ ഭൂരിപക്ഷം ഗുണഭോക്താക്കളും ആനുകൂല്യം മുടങ്ങിയതോടെ കടുത്ത പ്രയാസത്തിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രവർത്തനം എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ. ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാവുകയും ചെയ്തിട്ടുണ്ട്.<br><br>ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും വളരെ കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാറുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ